LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയുടെ കേരളത്തിന് പുറത്തുള്ള സന്ദർശനങ്ങൾ

38 (38) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രി എത്ര തവണ ഡൽഹി സന്ദർശിച്ചിട്ടുണ്ട് ; ഇതിൽ എത്ര തവണ ഔദ്യോഗിക സന്ദർശനമായിരുന്നു ; അനൗദ്യോഗിക സന്ദർശനങ്ങൾ എത്ര ;

(ബി) പ്രസ്തുത കാലയളവിലെ മുഖ്യമന്ത്രിയുടെ വിദേശ പര്യടനങ്ങൾ എത്ര ; ഏതെല്ലാം രാജ്യങ്ങൾ ; വിശദമാക്കുമോ ?

ഉത്തരം

(എ) 47 തവണ സന്ദർശിച്ചിട്ടുണ്ട്.

45 തവണ ഔദ്യോഗിക സന്ദർശനം ആയിരുന്നു.

(ബി) 4 വിദേശ പര്യടനങ്ങൾ.

സന്ദർശിച്ച വിദേശരാജ്യം/ തീയതി/തവണ	ഔദ്യോഗികം/സ്വകാര്യം
ദുബായ്, അബുദാബി (11-4-2013 മുതൽ 14-4-2013 വരെ)	ഔദ്യോഗികം (സ്മാർട്ട്സിറ്റി, കൊച്ചിയുടെ ഡയറക്ടർ ബോർഡ് മീറ്റിംഗ്, ഓവർസീസ് ഇന്ത്യൻ കോൺഗ്രസ് ഗ്ലോബൽ മീറ്റ് എന്നിവയിൽ പങ്കെടുക്കുന്നതിന്)
ബഹ്റിൻ (27-6-2013 മുതൽ 28-6-2013 വരെ)	ഔദ്യോഗികം (United Nations Service Award സ്വീകരിക്കുന്നതിന്)
ഷാർജ, ദുബായ് (24-1-2014 മുതൽ 26-1-2014 വരെ)	സ്വകാര്യം
യു.എ.ഇ (24-9-2014 മുതൽ 26-9-2014 വരെ)	സ്വകാര്യം

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി

39 (39) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി അവസാനമായി നടന്നത് എന്നാണ് ;

(ബി) പരിപാടിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

(സി) പരിപാടിയുടെ തുടർന്നുള്ള നടത്തിപ്പ് സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജനസമ്പർക്ക പരിപാടി അവസാനമായി 17-12-2013-ൽ കണ്ണൂർ ജില്ലയിൽ നടന്നു.

(ബി&സി) ഒന്നാം ഘട്ട ജനസമ്പർക്ക പരിപാടിയിൽനിന്നും വ്യത്യസ്തമായി അക്ഷയ സെന്ററുകൾ, താലൂക്ക് ഓഫീസ്, കളക്ടറേറ്റ് എന്നിവ മുഖേന ഓൺലൈനായാണ് രണ്ടാംഘട്ടത്തിൽ പരാതികൾ സ്വീകരിച്ചത്. ഓൺലൈനായി ലഭിച്ച പരാതികളിൽ ജില്ലാതല ഓഫീസർമാർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചവയിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റു അപേക്ഷകളിൽ നടപടി പുരോഗമിക്കുന്നു. ജനസമ്പർക്ക പരിപാടിയിൽ ലഭിച്ച അപേക്ഷകളിൽ ഏകദേശം 94% അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

പ്രധാനമന്ത്രിക്ക് സമർപ്പിച്ച നിവേദനം

40 (40) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ഒക്ടോബർ 17-ന് പ്രധാനമന്ത്രിയെ സന്ദർശിച്ച മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സംഘം സമർപ്പിച്ച നിവേദനത്തിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ ;

(ബി) കൂടിക്കാഴ്ചയിൽ നിവേദനത്തിലുന്നയിച്ച ഏതെങ്കിലും ആവശ്യത്തിന്മേൽ പ്രധാനമന്ത്രി അനുകൂലമായി പ്രതികരിക്കുകയോ, ഉറപ്പ് നൽകുകയോ ഉണ്ടായിട്ടുണ്ടോ ;

(സി) ഈ ആവശ്യങ്ങൾ മുൻ പ്രധാനമന്ത്രിയോടും മുൻ കേന്ദ്ര സർക്കാരിനോടും നിവേദനത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നോ; ഏതെങ്കിലും കാര്യത്തിൽ അനുകൂല തീരുമാനം അക്കാലത്തുണ്ടായിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) സംസ്ഥാനം വിവിധ നിവേദനങ്ങളിലൂടെ ഉന്നയിച്ച എല്ലാ ആവശ്യങ്ങൾക്കും അനുഭാവപൂർണ്ണമായ സമീപനമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ലഭ്യമായത്. ഈ നിവേദനത്തിൽ ആവശ്യപ്പെട്ടവയിൽ പാലക്കാട്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly